# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2011-12 വർഷത്തെ മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തുകൊണ്ടുള്ള ഉത്തരവിൽ പ്രത്യേക പദ്ധതി ധനസഹായം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3199/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 27.12.2013

=====================================================================

പരാമർശം:-1. സ.ഉ.(സാധാ) നം. 721/2013/തസ്വഭവ തീയതി 21.03.2013.

2. സ.ഉ.(സാധാ)നം. 1095/2013/തസ്വഭവ തീയതി 20.04.2013.

3. പഞ്ചായത്ത് ഡയറക്ടറുടെ 12.08.2013 -ലെ ജെ1-4704/2011 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം രണ്ട് സർക്കാർ ഉത്തരവിന്റെ തുടർച്ചയായി, 2011-12 വർഷത്തെ പുരസ്കാരത്തിനർഹരായ മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക പദ്ധതി ധനസഹായം സംബന്ധിച്ച താഴെ പറയുന്ന വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപയും ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതവും രണ്ടാം സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതവും പ്രത്യേക പദ്ധതി ധനസഹായമായി ലഭിക്കുന്നതാണ്. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് 25 ലക്ഷം രൂപയും രണ്ടാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് 15 ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് 10 ലക്ഷം രൂപയും പ്രത്യേക പദ്ധതി ധനസഹായമായി ലഭിക്കും.

3. ഈ ഇനത്തിലുള്ള ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള താഴെ പറയുന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(i) ഗ്രാമ പഞ്ചായത്ത് 8448-00-109-93(03)

(ii) ബ്ലോക്ക് പഞ്ചായത്ത് 8448-00-109-93(02)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ